"ഭരണഭാഷ ,മാതൃഭാഷ"

നമ്പർ:ആഡിറ്റ് യു1/102149/2014/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി: 01/07/2014
email: dcedeptaudit@gmail.com

## സർക്കുലർ

വിഷയം:- സർക്കാർകോളേജുകളുടെ ക്ലാസ്സ്റൂമുകൾ, യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ സ്റ്റഡി സെന്റർ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിക്കുന്നത്- വാടക ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) 15/01/2002 ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ജി.ഒ.(എം.എസ്.) നമ്പർ:5/2002
2) 15/3/2012 ലെ ജി.ഒ.(ആർ.റ്റി). നമ്പർ 539/2012

യൂണിവേഴ്സിറ്റികൾ നടത്തുന്ന വിദൂരവിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം, സ്റ്റഡി സെന്റർ, എന്നിവക്ക് സർക്കാർ കോളേജുകളുടെ ക്ലാസ്സ്റൂമുകൾ അനുവദിക്കുന്നത് നിലവിലുള്ള നിയമപ്രകാരം ആയിരിക്കണം.അവയുടെ വാടക സംബന്ധിച്ച് സർക്കാർ വ്യക്തമായ മാർഗ്ഗരേഖകൾ സൂചന(1),(2)ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത് ആണ്. ഇതിനു വിരുദ്ധമായി സർക്കാർ കോളേജുകളുടെ ക്ലാസ്സ് മുറികൾ അനുവദിച്ച് നൽകിയാൽ, ക്ലാസ്സ്മുറികളുടെ വാടകഇനത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം അതത് കാലയളവിലെ പ്രിൻസിപ്പൽമാരുടെ ബാധ്യതയാകുന്നതാണ് എന്ന വിവരം അറിയിക്കുന്നു. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ സർക്കുലർ അറിയിപ്പായി കണക്കാക്കി മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
എം.നന്ദകുമാർ.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

// അംഗീകാരത്തോടെ//

സൂപ്രണ്ട്